## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 238 26-09-2011 -ൽ മറുപടിക്ക്.

### മദ്യനയം തിരുത്തുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. വി. എസ്. സുനിൽ കുമാർ : | ഉത്തരം<br>ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |
|---|---|
| (എ) സർക്കാരിന്റെ മദ്യനയം തിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) സമൂഹത്തിൽ വർദ്ധിച്ചു വരുന്ന മദ്യാസക്തിയും അതിൽ നിന്നുടലെടുക്കുന്ന സാമൂഹ്യ പ്രശ്നങ്ങളും സർക്കാർ വളരെ ഗൗരവത്തോടെ കണ്ടുകൊണ്ട് രൂപീകരിച്ചതാണ് പുതിയ മദ്യനയം. മദ്യനയം രൂപീകരിക്കുന്നതിന് മുമ്പായി ചെത്തു തൊഴിലാളി / വിദേശമദ്യതൊഴിലാളി സംഘടനകൾ, ബാർ ഉടമകൾ, ഡിസ്റ്റിലറി / ബ്രൂവറി ഉടമകൾ, മദ്യവിരുദ്ധ-മദ്യ നിരോധന സംഘടനകൾ, ഡീ-അഡിക്ഷൻ സെന്ററുകൾ നടത്തുന്ന സന്നദ്ധ സംഘടനകൾ / വ്യക്തികൾ, മതമേലധ്യക്ഷന്മാർ, രാഷ്ട്രീയ, സാമൂഹിക പ്രവർത്തകർ എന്നിവരുമായി വിശദമായ ചർച്ചകൾ നടത്തുകയുണ്ടായി. മദ്യ വില്പന / ഉപയോഗ മേഖലകളിൽ കർശനമായ നിയന്ത്രണങ്ങൾ സർക്കാർ മദ്യനയം പ്രഖ്യാപിച്ചതിലൂടെ നടപ്പാക്കിയിരിക്കുന്നതിനാൽ, മദ്യനയം തിരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ട ആവശ്യമില്ല. |
| (ബി) നക്ഷത്ര ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുവാനുള്ള നീക്കം ഗ്രാമപ്രദേശങ്ങളിൽ സമാധാന ജീവിതം നശിപ്പിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) 31-03-2012 വരെ, 3 സ്റ്റാർ പദവിയിലുള്ള ഹോട്ടലുകൾക്കും, 2012-13 വർഷത്തിൽ 4 സ്റ്റാർ ഹോട്ടലുകൾക്കും, 2013-14 സാമ്പത്തിക വർഷം മുതൽ 5 സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്കും മാത്രമേ ബാർ ലൈസൻസ് അനുവദിക്കുകയുള്ളൂ. ഗ്രാമങ്ങളിൽ പുതിയ ബാർ അനുവദിക്കുമ്പോൾ അവ തമ്മിലുള്ള അകലം 3 കിലോമീറ്ററായി വർദ്ധിപ്പിച്ചു. |
| (സി) മദ്യത്തിന്റെ ലഭ്യത കുറക്കുന്നതിനും മദ്യത്തിൽ നിന്നുള്ള വരുമാനം വേണ്ടെന്നുവയ്ക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ? | (സി) മദ്യത്തിന്റെ ലഭ്യതയും, ഉപഭോഗവും കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മദ്യത്തെ ഒരു വരുമാന സ്രോതസ്സായി ഈ സർക്കാർ കാണുന്നില്ല. |

സെക്ഷൻ ആഫീസർ